"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ഡോ.അഹമ്മദ് കുട്ടി വലിയപീടിയക്കൽ ഫയൽ ചെയ്ത ഒഎ (ഇകെഎം) 937/2023 നമ്പർ കേസിലെ ഉത്തരവ് - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

/സ.ഉ.(സാധാ) നം.2963/2023/H&FWD തീയതി,തിരുവനന്തപുരം, 09-11-2023

പരാമർശം:-
1. ഡോ.അഹമ്മദ് കുട്ടി വലിയപിടിയക്കൽ സമർപ്പിച്ച അപ്പീൽ അപേക്ഷ
2. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഒഎ (ഇകെഎം) 937/2023 നമ്പർ കേസിൽ 20.06.2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12.09.2023 തീയതിയിലെ ഇഎ2-12203/2023/ആവഡ നമ്പർ കത്ത്
4. സഉ (സാധ) 2729/2023/ആകുവ തീയതി 20.10.2023

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ സിവിൽ സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ വളവന്നൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സിവിൽ സർജനായ ഡോ.അഹമ്മദ്കുട്ടി വലിയപീടിയക്കൽ -നെ തൃശ്ശൂർ ജില്ലയിലെ വടക്കേക്കാട് സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റിയിരുന്നു. പ്രസ്തുത സ്ഥലംമാറ്റത്തിനെതിരായി ടിയാൻ പരാമർശം (1) പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായി .ടി അപ്പീലിൽ മലപ്പുറം ജില്ലയിലെ എടവണ്ണ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്കോ , കൊണ്ടോട്ടി സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്കോ സ്ഥലംമാറ്റം നൽകണമെന്ന് ടിയാൻ ആവശ്യപ്പെട്ടിരുന്നു. കൂടാതെ ഇതേ ആവശ്യം ഉന്നയിച്ച് ടിയാൻ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒഎ 937/2023 ആയി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി കേസിൽ ബഹു ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ടിയാന്റെ അപേക്ഷയിൻമേൽ ഒരുമാസത്തിനകം തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊണ്ടോട്ടി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഒഴിവ് ഒഎ (ഇകെഎം) 1501/2022 നമ്പർ കേസിലെ ഉത്തരവ് അനുപാലിച്ച് നികത്തപ്പെടുകയുണ്ടായി. കൂടാതെ എടവണ്ണ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ നിലവിലുള്ള ഒഴിവിലേക്ക് പാലക്കാട് പുതുർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സിവിൽ സർജനായ ഡോ.സുരേഷ് എം -നെ ഭരണ സൗകര്യാർത്ഥം നിയമിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിട്ടുമുണ്ട് .

(3) മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഡോ.അഹമ്മദ് കുട്ടി വലിയപീടിയക്കൽ സമർപ്പിച്ച

അപ്പീൽ അപേക്ഷയിലെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിരസിച്ച് ഉത്തരവാകുന്നു. ഇപ്രകാരം ഒഎ (ഇകെഎം) 937/2023 നമ്പർ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് അനുപാലിച്ചു കൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ ,കേരള,എറണാകുളം (ആമുഖക്കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡോ.അഹമ്മദ് കുട്ടി വലിയപീടിയക്കൽ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ജില്ലാ മെഡിക്കൽ ഓഫീസർ ,തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
R Renuka
സെക്ഷൻ ഓഫീസർ Date: 09-11-2023 10:53:59

I/105048/2023

<u>**മേലെഴുത്ത് നം: ഇ.എ2-12203/2023/ആ.വ.ഡ തീയതി :09-11-2023**</u>

സർക്കാർ ഉത്തരവിൻറെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

**Signed by Sherly S S**
**Date: 09-11-2023 15:44:47**
ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി
**Reason: Approved**